(Pages : 8)

**S 1701**

Sl. No.

# SSLC EXAMINATION, MARCH - 2022

## MALAYALAM

First Language - Paper I

Time : 1½ Hours — Total Score : 40

**വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :**

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് സമാശ്വാസ സമയം ഉണ്ടായിരിക്കും. ഈ സമയം ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- വ്യത്യസ്ത സ്കോറുകളുള്ള ചോദ്യങ്ങൾ വിവിധ പാർട്ടുകളിലായാണ് നൽകിയിരിക്കുന്നത്.
- ചോദ്യങ്ങളുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.
- 1 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് 40 സ്കോർ ആയിരിക്കും പരമാവധി ലഭിക്കുക.

**Score**

**പാർട്ട് - I**

**1 മുതൽ 9 വരെയുള്ള ചോദ്യങ്ങൾക്ക് 1 സ്കോർ വീതം.**

**എ. 1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക.** **4x1=4**

1. ''പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ''

(ലക്ഷ്മണസാന്ത്വനം)

പെരുവഴിയമ്പലത്തിലെ കൂട്ടായ്മയോട് മനുഷ്യ ജീവിതത്തെ കവി സാദൃശ്യപ്പെടുത്തിയതിന്റെ കാരണമെന്താണ് ?

- പെരുവഴിയമ്പലത്തിലെ കൂട്ടായ്മ അസ്ഥിരവും യാദൃച്ഛികവും തുടർച്ചയില്ലാത്തതുമാണ്.
- പെരുവഴിയമ്പലത്തിലെ കൂട്ടായ്മ ശാശ്വതമാണ്.
- ജീവിത ദുരിതങ്ങളിൽ നിന്നും മോചനം ലഭിക്കുന്നതാണ്
- പെരുവഴിയമ്പലത്തിലെ കൂടിച്ചേരൽ നല്ല ഓർമ്മകൾ നൽകുന്നു.

https://www.keralaboard.com

Score

2. ''നിന്റെ ത്യുനിവ് കുറേ കൂടിപ്പോകുന്നു. സർവദമനൻ എന്നു മഹർഷിമാർ നിനക്കു പേരിട്ടതു ശരിതന്നെ.''

സർവദമനൻ എന്ന പേരിന്റെ അർത്ഥം ?

- അഹങ്കാരി
- സ്നേഹസമ്പന്നൻ
- എല്ലാറ്റിനെയും അടക്കുന്നവൻ
- പുരുവംശത്തിൽ ജനിച്ചവൻ

3. ''ഞാനൊരാശ്രിതയാവാനാഗ്രഹിക്കുന്നില്ല. മറ്റൊന്നുമില്ലെങ്കിലും ഞാൻ ഞാനായി മരിക്കട്ടെ. ഒരു ബന്ധങ്ങളും വേണ്ടാ.''

ഈ വാക്കുകളിൽ തെളിയുന്ന മിസ്സിസ് തലത്തിന്റെ മാനസികാവസ്ഥ എന്താണ് ?

- അഭിമാനബോധം
- നിസ്സഹായാവസ്ഥ
- നിരാശാബോധം
- അപമാനബോധം

4. ''ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പപരിപാടലം മുഖം ;
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർസുമോപമം''

(പ്രിയദർശനം)

ഈ വരികളിൽ പനിനീർപ്പൂവിനോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ആരെയാണ് ?

https://www.keralaboard.com

Score

5. ''കാരണവർക്കു താൽപ്പര്യമുള്ളതുപോലെ ശവം സംസ്കരിക്കാം.''

''വേണ്ട. എനിക്കു താൽപ്പര്യമില്ല.''

''ശവത്തിന്റെ ചുമതല നിങ്ങൾ ഏൽക്കുന്നില്ലേ ?''

വെള്ളായിയപ്പൻ മകന്റെ ശവസംസ്കാര ചുമതല ഏറ്റെടുക്കാതിരുന്നത് എന്തുകൊണ്ടാണ് ?

6. ''പുഷ്കര! നീ പഴുതേ ജന്മം

നിഷ്ഫലമാക്കരുതേ!''

(പ്രലോഭനം)

പുഷ്കരനോട് ജന്മം നിഷ്ഫലമാക്കരുതെന്ന് ഉപദേശിക്കുന്നത് ആരാണ് ?

**ബി. 7 മുതൽ 9 വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** 3x1=3

7. എസ്.കെ. പൊറ്റെക്കാട്ടിന്റെ ആദ്യത്തെ ചെറുകഥയായി അദ്ദേഹം വിശേഷിപ്പിക്കുന്ന രചന ഏതാണ് ?

- മുത്തിത്തള്ളയ്ക്ക് എഴുതിയ കത്തുകൾ
- മുത്തിത്തള്ളയുടെ മകന് എഴുതിയ കത്തുകൾ
- മകന്റെ ഓഫീസർക്ക് അയച്ച കത്തുകൾ
- വൃദ്ധയുടെ മരുമകൾക്ക് എഴുതിയ കത്തുകൾ

8. ''ഖനികളിൽ പണി ചെയ്യുന്നവർക്ക് ഒരപകടവും വരുത്തരുതേ !''

എന്ന പ്രാർത്ഥന ജൂലിയാന തിരുത്താൻ തീരുമാനിച്ചത് എന്തുകൊണ്ടാണ് ?

- അങ്ങനെ പ്രാർത്ഥിക്കുന്നത് ഇഷ്ടമാവാത്തതിനാൽ
- ആ പ്രാർത്ഥനയിൽ സ്വാർത്ഥതയുള്ളതിനാൽ
- പ്രാർത്ഥനകളിൽ പാലിക്കേണ്ട കാര്യങ്ങൾ വിട്ടുപോയതിനാൽ
- പ്രാർത്ഥനയ്ക്ക് എല്ലാവരും ചേരാത്തതിനാൽ.

https://www.keralaboard.com

Score

9. ''ഉൾത്താപം'' എന്ന പദത്തിന്റെ ശരിയായ വിഗ്രഹ രൂപം ഏതാണ് ?

- ഉള്ളിലെ താപം
- ഉള്ളുകൊണ്ടുള്ള താപം
- ഉള്ളാവുന്ന താപം
- ഉള്ളും താപവും

## പാർട്ട് - II

**10 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് 2 സ്കോർ വീതം.**

**എ. ചുവടെ നൽകിയിരിക്കുന്ന ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാകൃത്തിൽ ഉത്തരമെഴുതുക.** **1x2=2**

10. ''ഒരു സത്യവാനായിരിക്കുവാൻ ഈ ക്ഷണം ഉപയോഗപ്പെടുത്തുമെന്നു നിങ്ങൾ പ്രതിജ്ഞ ചെയ്തിട്ടുള്ളത് മറക്കരുതേ, ഒരിക്കലും മറന്നുപോവരുത്.'' – (പാവങ്ങൾ)

മെത്രാൻ നൽകിയ ഈ ഉപദേശത്തിന്റെ പൊരുളെന്ത് ?

**ബി. 11 മുതൽ 12 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് ഒന്നോ രണ്ടോ വാകൃത്തിൽ ഉത്തരമെഴുതുക.** **1x2=2**

11. ''ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ''

(അശ്വമേധം)

ഈ പ്രഖ്യാപനം കൊണ്ട് കവി ഉദ്ദേശിക്കുന്നത് എന്താണ് ?

12. ''വൃദ്ധനാ, യസ്വസ്ഥനാ-
യൊന്നുറങ്ങുവാൻ പോലും
ഡ്രഗ്ഗുകൾ തേടിപ്പോകു-
മീ ശതാബ്ദത്തിൻ ഭ്രാന്ത ജൽപനം''

(മൈക്കലാഞ്ജലോ മാപ്പ്)

ഈ പ്രയോഗം കൊണ്ട് കവി പുതുതലമുറയ്ക്കു നേരെയുയർത്തുന്ന വിമർശനമെന്താണ് ? പ്രതികരണം കുറിക്കുക.

https://www.keralaboard.com

Score

## പാർട്ട് - III

**13 മുതൽ 17 വരെയുള്ള ചോദ്യങ്ങൾക്ക് 3 സ്കോർ വീതം.**

**എ. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 3 എണ്ണത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** 3x3=9

13. ''വഹ്നിസന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം''

(ലക്ഷ്മണസാന്ത്വനം)

നശ്വരമായ മനുഷ്യ ജന്മത്തെ വ്യാഖ്യാനിക്കാൻ ഈ സദൃശ്യ കൽപനയിലൂടെ എഴുത്തച്ഛന് കഴിയുന്നു. സൂചനകൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

14. ''അരുതേ, തൊടരുതേ, അല്ല ! ഇദ്ദേഹം എടുത്തുകഴിഞ്ഞോ ?''

(ഋതുയോഗം)

ദുഷ്ഷന്ത മഹാരാജാവിനോട് താപസിമാർ ഇപ്രകാരം തടസ്സം പറയാൻ കാരണമെന്താണ് ? വിശദമാക്കുക.

15. ''കണ്ടുടൻ സ്വയമറിഞ്ഞിടാത്തതോർ-
ത്തിണ്ടൽ വേണ്ട സഖി, കേണിടേണ്ട കേൾ,
പണ്ടു നിന്നെയൊരിളം കുരുന്നതായ്
കണ്ടു ഞാൻ, സപദി വല്ലിയായി നീ.''

(നളിനി)

ഏറെക്കാലത്തിനു ശേഷം കണ്ടുമുട്ടിയപ്പോൾ നളിനിയെ തിരിച്ചറിയാൻ കഴിയാത്തതിന് ദിവാകരൻ നൽകുന്ന വിശദീകരണങ്ങൾ എന്തെല്ലാമാണ് ?

16. പാണ്ഡവർ നേടിയ വിജയം 'വല്ലപാടും നേടിയ വിജയമെന്ന്' ഭാരതപര്യടനത്തിൽ കുട്ടികൃഷ്ണമാരാർ വിശേഷിപ്പിക്കുന്നത് എന്തുകൊണ്ടാവും ? കുറിപ്പ് തയ്യാറാക്കുക.



https://www.keralaboard.com

Score

**ബി. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക.** 1x3=3

17. ''മഹാനോ ? അട്ട ! എഴുത്തുകാരുടെ രക്തമൂറ്റിക്കുടിക്കുന്ന അട്ട. അല്ലെങ്കിൽ ചെകുത്താൻ.''

(ആത്മാവിന്റെ വെളിപാടുകൾ)

ദസ്തയേവ്സ്കി ഇത്ര പരുഷമായി പ്രതികരിക്കാൻ കാരണം എന്ത് ? കുറിപ്പ് തയ്യാറാക്കുക.

**പാർട്ട് - IV**

**18 മുതൽ 22 വരെയുള്ള ചോദ്യങ്ങൾക്ക് 4 സ്കോർ വീതം.**

**എ. 18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.** 2x4=8

18. ''ഒരു നീണ്ട തേങ്ങലോടെ അവർ മുന്നോട്ടാഞ്ഞ് അയാളെ കെട്ടിപ്പിടിച്ചു. രൂപം കൊണ്ട് പിടികിട്ടാത്ത വ്യക്തിയെ സ്വരം കൊണ്ട് തിരിച്ചറിഞ്ഞ് അയാളും അമ്പരന്നിരുന്നു.'' https://www.keralaboard.com

(വിശ്വരൂപം)

സുധീറും മിസ്സിസ് തലത്തും തമ്മിലുള്ള കൂടിക്കാഴ്ച്ചയും. അവർക്കിടയിലുള്ള വൈകാരിക ബന്ധവും വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

19. ''ദുഷ്കരമായിട്ടൊന്നുമില്ല കേൾ
മത് സഹായമുണ്ടായാലേവനും''

(പ്രലോഭനം)

പുഷ്കരനെ വശപ്പെടുത്താൻ കലി സ്വീകരിക്കുന്ന തന്ത്രങ്ങളും പ്രലോഭനങ്ങളും എന്തെല്ലാമാണെന്ന് കണ്ടെത്തി കുറിപ്പ് തയ്യാറാക്കുക.

https://www.keralaboard.com

Score

20. ''സമുദ്രം താണ്ടി സമ്പാദ്യവും കൊണ്ടു വരുന്ന കച്ചവടക്കാർ ഒരു കൈത്തോട്ടിൽ വച്ചു മുങ്ങിപ്പോയി. മരിച്ചവരോ, സ്വർഗ്ഗത്തിലായി.''

(യുദ്ധത്തിന്റെ പരിണാമം)

യുധിഷ്ഠിരന്റെ വാക്കുകളിൽ തെളിയുന്ന കടുത്ത നിരാശയുടെ കാരണങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**ബി. 21 മുതൽ 22 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 1 എണ്ണത്തിന് അരപ്പുറത്തിൽ ഉത്തരമെഴുതുക.** **1x4=4**

21. ''വാറുപൊട്ടിയ ചെരുപ്പ് അവിടെയുള്ള ചെരുപ്പുകുത്തിയെക്കൊണ്ട് നന്നാക്കിക്കാൻ പറഞ്ഞു സന്താമായി. എന്നാൽ സന്താമായി ഒരു 'മഹാർ' ആണെന്ന് മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല''

(അക്കർമാശി)

വേദനയും ദുഃഖവും നിറഞ്ഞ ജീവിതാനുഭവങ്ങളാണ് 'അക്കർമാശി' എന്ന ആത്മകഥാവിഷ്കാരത്തെ വികാര തീവ്രമാക്കുന്നത്. പാഠഭാഗത്തെ ആസ്പദമാക്കി പ്രതികരണക്കുറിപ്പ് തയ്യാറാക്കുക.

22. ''മഞ്ഞും തിമിരവും ചേർന്ന് ഇതളുകൾ നൽകിയ വെളിച്ചത്തിന്റെ ഒറ്റബിന്ദു ഒരേയൊരു വെളുത്തപൂ വെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കാണിച്ചു.''

(ഉരുളക്കിഴങ്ങ് തിന്നുന്നവർ)

ഈ വാങ്മയ ചിത്രം കഥാന്ത്യത്തെക്കുറിച്ചുള്ള സൂചനകൾ നൽകുന്നുണ്ടോ ? കഥാസന്ദർഭം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

https://www.keralaboard.com

Score

## പാർട്ട് - V

**23 മുതൽ 24 വരെയുള്ള ചോദ്യങ്ങൾക്ക് 5 സ്കോർ വീതം.**

**എ. 23, 24 ചോദ്യങ്ങളിൽ 1 എണ്ണത്തിന് ഒരു പുറത്തിൽ ഉത്തരമെഴുതുക.** 1x5=5

23. ''മദാം മഗ്ല്വാർ, ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചുപോന്നത് ഒരിക്കലും ശരിയായിട്ടില്ല. അത് പാവങ്ങളുടെയാണ്. ആ വന്ന മനുഷ്യൻ ആരായിരുന്നു ? കാഴ്ചയിൽത്തന്നെ ഒരു പാവം.''

''ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരം കൊണ്ടുള്ള മുള്ളും കയ്‌ലും കൂടി ആവശ്യമില്ല.''

(പാവങ്ങൾ)

പാവങ്ങളെ പരിഗണിക്കുന്ന മെത്രാന്റെ കാഴ്ചപ്പാടുകൾ വിശദമാക്കി 'പാവങ്ങളിലെ മെത്രാൻ – മനുഷ്യ സ്നേഹത്തിന്റെ ആൾരൂപം' എന്ന ശീർഷകത്തിൽ ഒരു ലഘുലേഖനം തയ്യാറാക്കുക.

24. ''പുഴയുടെ നടുക്കെത്തിയപ്പോൾ കുളിയുടെ അനുഭവം വെള്ളായിയപ്പനെ തളർത്തി. അപ്പന്റെ ശവത്തെ കുളിപ്പിച്ചത്, മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചത്.''

''അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുക്കി.''

(കടൽത്തീരത്ത്)

തന്നിരിക്കുന്ന കഥാ സൂചനകളും കഥയിലെ മറ്റു സന്ദർഭങ്ങളും പരിഗണിച്ച് കടൽത്തീരത്ത് എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

-oOo-

https://www.keralaboard.com
Whatsapp @ 9300930012
Send your old paper & get 10/-
अपने पुराने पेपर्स भेजे और 10 रुपये पायें,
Paytm or Google Pay से

https://www.keralaboard.com